**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 502** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ പുനരുദ്ധരിക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഉമ തോമസ്

ശ്രീ. സേനാപതി വേണു

ശ്രീ. വി. ടി. സൂരജ്

ശ്രീ. എം. എം. നസീർ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ എത്രയെണ്ണം ലാഭത്തിലും എത്രയെണ്ണം നഷ്ടത്തിലുമാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** A Review of Public Enterprises in Kerala 2024-25 പ്രകാരം 2024-25 -ൽ 60 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലും 63 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലുമാണ് പ്രവർത്തിക്കുന്നത്.

**(ബി)** നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ പുനരുദ്ധരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്ത്, അവയുടെ പ്രവർത്തന സ്വഭാവം വിലയിരുത്തി, സ്ഥാപനങ്ങൾ ആധുനികവത്ക്കരിക്കുന്നതിനും, പുനരുദ്ധരിക്കുന്നതിനും ലാഭകരമാക്കുന്നതിനുമുള്ള നടപടികൾ വ്യവസായ വകുപ്പ് ആവിഷ്ക്കരിക്കുന്നുണ്ട്. വിഷൻ2031-ന്റെ അടിസ്ഥാനത്തിലുള്ള കേരളത്തിന്റെ പരിസ്ഥിതിയ്ക്ക് അനുയോജ്യമായ ആധുനികവത്ക്കരണ വൈവിധ്യവത്ക്കരണ പദ്ധതികൾക്കായിരിക്കും പ്രാമുഖ്യം നൽകുക. ഇതിന്റെ അടിസ്ഥാനത്തിൽ അടുത്ത 100 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനായി വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആവിഷ്ക്കരിച്ചിട്ടുണ്ട്.

ടെക്സ്റ്റൈൽ മേഖലയുടെ വികസനത്തിന്റെ ഭാഗമായി നടപ്പാക്കിയ ഏകീകൃത സംവിധാനത്തിലൂടെ ഗുണമേന്മയുള്ള പരുത്തി വാങ്ങി നൽകുന്നതിനായി രൂപീകരിച്ച കോട്ടൺ ബോർഡ്, സ്പിന്നിംഗ് മില്ലുകളുടെ ഉത്പന്നങ്ങൾക്ക് വിപണന വ്യാപ്തിയും ലാഭക്ഷമതയും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ആരംഭിച്ച 'ഓൺലൈൻ സെയിൽസ് പ്ലാറ്റ്ഫോം' എന്നിവയുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കി ടെക്സ്റ്റൈൽ മേഖലയുടെ കാര്യക്ഷമതയും സുസ്ഥിരതയും ഉറപ്പുവരുത്തി സ്ഥാപനങ്ങളുടെ പ്രവർത്തനം മികച്ചതാക്കും.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളുടെ വിപണനത്തിനായി നിർമ്മിത ബുദ്ധിയുടെ സഹായത്തോടെയുള്ള ഇ-കൊമേഴ്സ് വിപണനത്തിനായി കെൽട്രോൺ മുഖേന നടപ്പിലാക്കിയ K-shoppe പോലുള്ള കേന്ദ്രീകൃത ഇ-കൊമേഴ്സ് മാർക്കറ്റിംഗ് സംവിധാനം നൂതനമാക്കുകയും വിഭവശേഷിയുടെ ഉയർന്ന വിനിയോഗം, ഉല്പാദന ചെലവുകളുടെ നിയന്ത്രണം, ഇന്ത്യക്ക് അകത്തും

പുറത്തും വിപണി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലൂടെ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കുന്നതാണ്.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ഒരു പൊതുവായ ശമ്പള / വേതന വ്യവസ്ഥയിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള എക്സ്പെർട്ട് കമ്മറ്റിയുടെ ശുപാർശകൾ അംഗീകരിച്ചു കൊണ്ട് ധനകാര്യ വകുപ്പ് സ.ഉ(അച്ചടി) നം.131/2022/ധന തീയതി 29/10/22 പ്രകാരമുള്ള ഉത്തരവിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 7 മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി സ്കോർ നൽകുകയും സ്കോർ അടിസ്ഥാനത്തിൽ 4 വിഭാഗങ്ങൾ ആക്കി തരംതിരിക്കുകയും ഡയമണ്ട്/ഗോൾഡ്/സിൽവർ/ബ്രോൺസ് എന്നിങ്ങനെ ബ്രാൻഡ് ചെയ്യുകയും ചെയ്യുന്ന ഒരു വ്യവസ്ഥയാണ് അവലംബിച്ചിരിക്കുന്നത്. ഇപ്രകാരം നിശ്ചയിച്ചു നൽകുന്ന സ്കോർ നിശ്ചിത ഇടവേളകളിൽ പുന:പരിശോധിക്കുകയും, പുനർ നിർണ്ണയിക്കുകയും ചെയ്യുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് തങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒരു അംഗീകാരം എന്ന നിലയിലാണ് ഈ വ്യവസ്ഥ കൊണ്ടു വന്നിരിക്കുന്നത്. നഷ്ടത്തിലായ സ്ഥാപനങ്ങൾക്ക് തങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ പുരോഗതി വിലയിരുത്തുന്നതിനും ഈ നടപടികൾ കൊണ്ട് സാധിക്കും. നിലവിൽ 48 പൊതുമേഖലാ സ്ഥാപനങ്ങളെ ഇപ്രകാരം വർഗ്ഗീകരിച്ചിട്ടുണ്ട്.

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ/മിഡിൽ ലെവൽ എക്സിക്യൂട്ടീവുകൾ എന്നിവർക്ക് വേണ്ടി ബി.പി.ഇ വാർഷിക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. നിലവിൽ ആർട്ടിഫിഷൽ ഇന്റലിജൻസ് അധിഷ്ഠിത മാർക്കറ്റിംഗ്, മാനവവിഭവ ശേഷി വികസനം, സോഫ്റ്റ് സ്കിൽ വികസനം എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ ട്രെയിനിംഗുകൾ നടത്തുന്നു.

നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് രണ്ടെണ്ണം തിരഞ്ഞെടുത്ത്, ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ മേൽനോട്ടത്തിൽ ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ വിലയിരുത്തുന്നതിനുള്ള പഠനം നടത്തി വരുന്നു. നഷ്ടത്തിലാണെന്ന് കണ്ടെത്തിയ മറ്റൊരു പൊതുമേഖലാ സ്ഥാപനത്തിന്റെ പുനഃസംഘടന സംബന്ധിച്ച പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**(സി)** പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ സാമ്പത്തിക ബാധ്യത കുറയ്ക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; അടച്ചുപൂട്ടിയതോ പ്രവർത്തനരഹിതമായതോ ആയ വ്യവസായ സ്ഥാപനങ്ങൾ പുനരാരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിനായി സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയും ബാധ്യതകളുടെ സ്വഭാവവും വിശദമായി വിലയിരുത്തി ആവശ്യമായ പുനരുദ്ധാരണ നടപടികൾ സ്വീകരിക്കുന്നതിനും, പ്രവർത്തനക്ഷമവും പുനരുജ്ജീവന സാധ്യതയുള്ളതുമായ സ്ഥാപനങ്ങൾക്കായി സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുകയും ചെലവ് നിയന്ത്രണം, വിഭവങ്ങളുടെ കാര്യക്ഷമത വിനിയോഗം, പ്രവർത്തനക്ഷമത വർധിപ്പിക്കൽ, ഉൽപ്പന്ന വൈവിധ്യവൽക്കരണം, വിപണന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ എന്നിവയിലൂടെ വരുമാനം വർധിപ്പിക്കുകയും അതു മുഖേന ബാങ്ക് വായ്പകൾ, പലിശബാധ്യതകൾ, മറ്റ് കുടിശ്ശികകൾ എന്നിവയുടെ സ്വഭാവമനുസരിച്ച് ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച നടത്തി ബാധ്യതാ പുനഃക്രമീകരണം ഉൾപ്പെടെയുള്ള സാധ്യതകൾ പരിശോധിക്കുന്നതും വ്യവസായ വകുപ്പിന്റെ പരിഗണനയിലുണ്ട്. കൂടാതെ, ഓരോ സ്ഥാപനത്തിന്റെയും സാമ്പത്തികവും

പ്രവർത്തനപരവുമായ പുരോഗതി വിലയിരുത്തുകയും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിനും, ഇതിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ദീർഘകാല നിലനിൽപ്പും സാമ്പത്തിക സുസ്ഥിരതയും മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു.

ബാങ്കുകളിൽ നിന്നും മറ്റ് ധന കാര്യ സ്ഥാപനങ്ങളിൽ നിന്നും ധന സഹായം ലഭിക്കാത്ത സ്ഥാപനങ്ങൾക്ക് അത്യാവശ്യം പ്രവർത്തന മൂലധന സഹായവും, സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി പ്രത്യേക ധന സഹായവും വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**